# അക്കാദമിക

# മാസ്റ്റർപ്ലാൻ

## 2025-26

ജി.എൽ.പി.എസ്, പാണ്ടൂർ



# ഉള്ളിൽ ഉള്ളത്


1. ആമുഖം
2. ഭരണം
3. ലക്ഷ്യങ്ങൾ
4. അടിസ്ഥാനവിവരങ്ങൾ
5. സ്ഥിതിവിവരം
6. അവസ്ഥാപഠനം
7. മലയാളം
8. ഇംഗ്ലീഷ്
9. ഗണിതം
10. പരിസരപഠനം
11. സാമൂഹികാവബോധം
12. കലാ-കായിക-പ്രവർത്തിപരിചയം
13. വിവരസാങ്കേതികവിദ്യ
14. ഭൗതികസാഹചര്യം
15. ഉപസംഹാരം

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക എന്നത് ആത്യന്തിക ലക്ഷ്യമായി പ്രഖ്യാപിച്ച് വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ ഈ അക്കാദമിക വർഷത്തെ രൂപകല്പന ചെയ്തിരിക്കുന്നതാണ് 2025 - 2026 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ.

എല്ലാവരെയും ഉൾക്കൊണ്ട് തുല്യതയുള്ള ഗുണനിലവാരമുള്ള സമഗ്രതയാർന്ന വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ദൗത്യം.

# ദർശനം

പാണൂർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും പഠനനേട്ടങ്ങൾ തുല്യതയോടെ ആധുനിക സങ്കേതങ്ങളെ പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതിയും സംജാതമാക്കുക.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക
- കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ക്ലാസ് മുറികളിലെ പ്രവർത്തനങ്ങൾക്ക് പുറമെ കലാ - കായിക - പ്രവർത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നു.

- പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുക.

- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർത്ഥി സൗഹൃദമാക്കുക.

- ഓരോ വിദ്യാർത്ഥിയേയും ഒരു വ്യക്തിയായി പരിഗണിച്ച് അവരുടെ പരമാവധി വികാസം സാധ്യമാക്കുക.

- ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

- പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുക.

- എസ്. ആർ. ജി, പി. ടി. എ, എസ്. എം. സി. ക്ലബ്ബുകൾ, വായനശാലകൾ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവയുടെ സഹായത്തോടെ ആഴത്തിലുള്ള പഠനത്തിനും അന്വേഷണത്തിനും പ്രശ്നപരിഹാരത്തിനും അവസരമൊരുക്കി മൂല്യങ്ങളും മനോഭാവങ്ങളും ഉണ്ടാക്കുക.

- പ്രാദേശിക സാധ്യതകളെയും നാട്ടറിവുകളെയും ഉപയോഗപ്പെടുത്തി പഠനപ്രക്രിയ കൂടുതൽ അനുഭവസാധ്യമാക്കുക.

- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരത്തെ മാറ്റുക.

- ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് അപകർഷതാബോധം ഒഴിവാക്കി ഊർജ്ജസ്വലതയുള്ളതും പ്രതികരണശേഷിയുള്ളതുമായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

# അടിസ്ഥാന വിവരം

| | | |
|---|---|---|
| സ്കൂളിന്റെ പേര് | :- | ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ പാണൂർ |
| മേൽവിലാസം | :- | ജി. എൽ. പി. എസ്. പാണൂർ മുളിയാർ (വഴി) കോട്ടൂർ. പി.ഒ. പിൻ : |
| സ്കൂൾ കോഡ് | :- | 11422 |
| വിദ്യാഭ്യാസ ഉപജില്ല | :- | കാസറഗോഡ് |
| വിദ്യാഭ്യാസ ജില്ല | :- | കാസറഗോഡ് |
| റവന്യൂ ജില്ല | :- | കാസറഗോഡ് |
| ബി. ആർ. സി | :- | കാസറഗോഡ് |
| ഗ്രാമപഞ്ചായത്ത് | :- | മുളിയാർ |
| ബ്ലോക്ക് പഞ്ചായത്ത് | :- | കാറഡുക്ക |
| ജില്ലാപഞ്ചായത്ത് | :- | കാസറഗോഡ് |
| നിയമസഭാമണ്ഡലം | :- | ഉദുമ |
| വില്ലേജ് | :- | മുളിയാർ |
| ഇ—മെയിൽ | :- | glpspanoor@gmail.com |

# സ്ഥിതി വിവരം - 2025 - 2026

| ക്രമനമ്പർ | തസ്തിക | എണ്ണം | ആകെ |
|---|---|---|---|
| 1 | ഹെഡ്മാസ്റ്റർ | 1 | 1 |
| 2 | എൽ. പി. എസ്. ടി | 3 | 3 |
| 3 | പി. ടി. സി. എം | 1 | 1 |
| ആകെ | | 5 | 5 |

| ക്രമനമ്പർ | ക്ലാസ് | കുട്ടികൾ | | ആകെ |
|---|---|---|---|---|
| | | ആൺകുട്ടികൾ | പെൺകുട്ടികൾ | |
| 1 | 1 | 2 | 6 | 8 |
| 2 | 2 | 4 | 5 | 9 |
| 3 | 3 | 5 | 4 | 9 |
| 4 | 4 | 3 | 4 | 7 |
| ആകെ | | 14 | 19 | 33 |

# അവസ്ഥാ പഠനം

ഭാഷ

**മേഖല** വായന

| ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു. |
|---|---|---|
| 63.64 % | 18.18 % | 18.18 % |

**മേഖല** എഴുത്ത്

| വാക്യഘടന/ ചിഹ്നപ്രയോഗങ്ങൾ പാലിച്ച് സ്വതന്ത്രമായി എഴുതുന്നു | അധ്യാപകന്റെ സഹായത്തോടെ എഴുതുന്നു | എഴുതാൻ ശ്രമിക്കുന്നു |
|---|---|---|
| 63.64 % | 18.18 % | 18.18 % |

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഉപമേഖല<br>ശ്രവണം | കേൾക്കാനുള്ള അവസരം ഉണ്ടാക്കൽ | | |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ<br>കഥകൾ, കവിതകൾ എന്നിവ കേട്ട് ആസ്വദിക്കുന്നതിന് | കഥപറച്ചിൽ<br>കവിതാപാരായണം<br>കടങ്കഥകൾ, പഴഞ്ചൊല്ലുകൾ<br>വാർത്തവായന<br>ഈണം താളം ഇവ അനുസരിച്ച് കുട്ടികളെ കവിത കേൾപ്പിക്കുന്നു<br>എല്ലാദിവസവും ഒരു കഥാപുസ്തകം പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ.<br>പ്രധാനധ്യാപകൻ<br>എസ്.ആർ.ജി. |

| | | | |
|---|---|---|---|
| ഉപമേഖല<br>ഭാഷണം<br>ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | അക്ഷരസ്ഫുടതയോടെ പറയാനുള്ള അവസരം<br>കഥപറയൽ<br>കവിതചൊല്ലൽ<br>അനുഭവങ്ങൾ പറയൽ<br>സംഭാഷണം പറയൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ്അധ്യാപകർ<br>പ്രധാനാധ്യാപകർ<br>എസ്.ആർ.ജി. |
| ഉപമേഖല<br>വായന<br>കുട്ടിയെ മികച്ച വായനക്കാരനാക്കൽ.<br>പദങ്ങൾ വാക്യങ്ങൾ എന്നിവ വായിക്കൽ<br>അർത്ഥപൂർണ്ണമായി വായിക്കൽ | ഉച്ചഭാഷിണി വായന<br>വായനമൂലകൾ<br>അക്ഷരക്കാർഡുകൾ നൽകി പദനിർമ്മാണം വായന<br>വാക്യനിർമ്മാണം വായന<br>വായനകാർഡുകൾ<br>പത്രവായന<br>റേഡിയോ/വീഡിയോ<br>ഇ-വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ്അധ്യാപകർ<br>പ്രധാനാധ്യാപകർ<br>എസ്.ആർ.ജി.<br>പി.ടി.എ |

| | | | |
|---|---|---|---|
| ഉപമേഖല<br>ലേഖനം<br>ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക<br>കുട്ടിയെ മികച്ച എഴുത്തുകാരനാക്കി സർഗാത്മക രചനകൾക്ക് അവസരം ഒരുക്കുക. | വായനാക്കുറിപ്പ്<br>പത്രനിർമ്മാണം<br>ക്ലാസ്സിലെ കൈയെഴുത്ത് മാസിക<br>പതിപ്പുകൾ<br>പോസ്റ്റർ നിർമ്മാണം<br>വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ.<br>രചനോത്സവം<br>ഭാഷോത്സവം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ<br>പ്രധാനാധ്യാപകൻ<br>എസ്.ആർ.ജി<br>സി.പി.ടി.എ<br>പി.ടി.എ. |
| ഉപമേഖല<br>പ്രകടനവേദികൾ<br>സർഗാത്മക രചനകളിൽ ഏർപ്പെടൽ<br>അവതരിപ്പിക്കൽ | അഭിനയം<br>കഥയരങ്ങ്<br>കവിയരങ്ങ്<br>നാടകാവിഷ്കാരം<br>പതിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ<br>പ്രധാനാധ്യാപകൻ<br>എസ്.ആർ.ജി.<br>പി.ടി.എ. |

# ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| ഉപമേഖല<br>വായന<br>കുട്ടിയെ മികച്ച വായനക്കാരനാക്കുക | വാക്യസ്ട്രിപ്പ്<br>മികച്ച കഥകൾ നൽകൽ<br>കവിതകൾ നൽകൽ<br>ഇംഗ്ലീഷ് പത്രം<br>വായനക്കാർഡ് | ആഴ്ചയിൽ ഒരുദിവസം | ക്ലാസ്സ്അധ്യാപകർ<br>പ്രധാനാധ്യാപകർ<br>എസ്.ആർ.ജി<br>സി.പി.ടി.എ. |
| ഉപമേഖല<br>എഴുത്ത്<br>കുട്ടിയെ ലേഖനത്തിൽ മെച്ചപ്പെടുത്തുക | ഒരു വാക്കിലെ അക്ഷരങ്ങൾ ഉപയോഗിച്ച് പരമാവധി വാക്കുകൾ ഉണ്ടാക്കുക<br>ചിത്രവിവരണം എഴുതൽ<br>സംഭാഷണം എഴുതൽ<br>വിവരണം എഴുതൽ | ആഴ്ചയിൽ ഒരുദിവസം | ക്ലാസ്സ്അധ്യാപകർ<br>പ്രധാനാധ്യാപകർ<br>എസ്.ആർ.ജി |

| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ക്ലബ്ബ് |
|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഇംഗ്ലീഷ് ഡയറി | ആഴ്ചയിൽ ഒരുദിവസം | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപകൻ |
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസര മൊരുക്കൽ | ഇംഗ്ലീഷ് ബുള്ളറ്റിൻ ബോർഡ്<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചാന്ദ്രദിനം<br>ആഗസ്റ്റ് - സ്വാതന്ത്ര്യ ദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധിജയന്തി<br>നവംബർ - കേരളപ്പിറവി<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - പുതുവത്സര | ജൂൺ മുതൽ ജനുവരി വരെ | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപകൻ |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യാകേളി<br>സംഖ്യാ കാർഡ്<br>സംഖ്യകളെഴുതൽ<br>സ്ഥാനവിലതിരിച്ചറിയൽ<br>അബാക്കസ്<br>ആരോഹണം<br>അവരോഹണം<br>അക്കത്തിൽ അക്ഷരത്തിൽ<br>അക്ഷരത്തിൽ അക്കത്തിൽ | ജൂൺ ജൂലൈ | ക്ലാസ്അധ്യാപകർ<br>പ്രധാനാധ്യാപകർ<br>സി.പി.ടി.എ<br>എസ്.ആർ.ജി. |

| | | | |
|---|---|---|---|
| ചതുഷ്ക്രിയകൾ<br>സങ്കലനം | കാർഡുകളി<br>ഡൈസുകളി<br>സംഖ്യാപോക്കറ്റ്<br>കോണിയും പാമ്പും | ആഗസ്റ്റ്<br>സെപ്തംബർ | ക്ലാസ് അധ്യാപകർ<br>പ്രധാനാധ്യാപകൻ<br>എസ്.ആർ.ജി |
| വ്യവകലനം | സംഖ്യാപോക്കറ്റ്<br>കോണിയും പാമ്പും<br>ഡൈസുകളി | ഒക്ടോബർ<br>നവംബർ | ക്ലാസ് അധ്യാപകർ<br>പ്രധാനാധ്യാപകൻ<br>എസ്.ആർ.ജി |
| ഗുണനം ഹരണം | പട്ടികപൂർത്തീകരണം<br>കാർഡുകളി<br>മാച്ചിംഗ് കാർഡ്<br>ചിഞ്ചാടികളി<br>വഴികണ്ടെത്തൽ | ഡിസംബർ<br>മുതൽ<br>മാർച്ച്<br>വരെ | ക്ലാസ് അധ്യാപകർ<br>പ്രധാനാധ്യാപകൻ<br>എസ്.ആർ.ജി |

| | | | |
|---|---|---|---|
| ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | ഗണിതലാബ് കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ കഴിയും വിധം സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പ്രധാനാധ്യാപകൻ ക്ലാസ്അധ്യാപകർ എസ്.ആർ.ജി. പി.ടി.എ. |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതശില്പശാല ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ ക്ലാസുകൾ ശില്പശാലകൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസ്അധ്യാപകർ പ്രധാനാധ്യാപകൻ എസ്.ആർ.ജി. സി.പി.ടി.എ പി.ടി.എ |

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ലാബ് ശാക്തീകരണം ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഉതകുംവിധം ശില്പശാലകൾ. | ഓരോ ടേമിലും | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപകർ എസ്.ആർ.ജി. സി.പി.ടി.എ പി.ടി.എ |
| ശാസ്ത്ര പഠന താല്പര്യം വളർത്തുക ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക | ശാസ്ത്ര അവബോധം വളർത്തൽ പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം നിരീക്ഷണം നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപകർ എസ്.ആർ.ജി. |

| | | | |
|---|---|---|---|
| കുട്ടികളുടെ ശാസ്ത്ര കഴിവുകളുടെ പ്രദർശനം | സയൻസ് ഫെസ്റ്റ് മോഡൽ നിർമ്മാണം ക്വിസ് മത്സരങ്ങൾ പ്രദർശനം | മാർച്ച് | ക്ലാസ്സധ്യാപകർ പ്രധാനാധ്യാപകൻ എസ്.ആർ.ജി സി.പി.ടി.എ പി.ടി.എ. |

# സാമൂഹികാവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമാകുന്ന ആളുകളുമായി അഭിമുഖം, ചർച്ച, സംവാദം, ക്ലാസ്. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപകൻ എസ്.ആർ.ജി. പി.ടി.എ. |
| സമൂഹത്തിന്റെ മുന്നോട്ടു പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | ഫീൽഡ് ട്രിപ്പ് പൊതുസ്ഥാപനങ്ങളിലേക്ക് പഞ്ചായത്ത് വില്ലേജ് ഓഫീസ് അംഗനവാടി പോസ്റ്റാഫീസ് പോലീസ് സ്റ്റേഷൻ. | ഒക്ടോബർ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപകൻ പി.ടി.എ. എസ്.ആർ.ജി |

# കലാ - കായിക - പ്രവർത്തി - പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി അവ വളർത്തുക. | പ്രകടനവേദി ആഴ്ചയിൽ ഒരു ദിവസം സ്കൂൾതലത്തിൽ സർഗവേള നടത്തൽ ബാലസഭകൾ | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലീഡർ |
| മനസിന്റെ ശക്തി ബോധ്യപ്പെടുത്തി ശരീര ശക്തിയും കൈവരിക്കാൻ പ്രാപ്തരാക്കുക | സ്പോർട്സ് ഡേ ദിവസവും പരിശീലനം ഫിസിക്കൽ എക്സർസൈസ്. ഗെയിംസ്. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപകൻ |

| | | | |
|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | നിർമ്മാണപരിചയം പ്രവർത്തി പരിചയ ഇനങ്ങളിൽ പരിശീലനം പേപ്പർബാഗ് വെജിറ്റബിൾ പ്രിന്റ് പേപ്പർക്രാഫ്റ്റ് മുത്തുകോർക്കൽ | ജൂൺ | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപകൻ പി.ടി.എ. |
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന പരിശീലനങ്ങൾ | നൃത്തം ചിത്രരചന കവിത പെയിന്റിംഗ് ക്രാഫ്റ്റ് വർക്ക് നാടൻപാട്ട് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ പ്രധാനാധ്യാപകൻ എസ്.ആർ.ജി പി.ടി.എ. |

# വിവര സാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | SITC ക്ലാസ്അധ്യാപകർ പ്രധാനാധ്യാപകൻ |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരം | IT<br>ICT<br>പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ | ജൂൺ മുതൽ മാർച്ച് വരെ | SITC ക്ലാസ്അധ്യാപകർ പ്രധാനാധ്യാപകൻ എസ്.ആർ.ജി. |

## ഭൗതികസൗകര്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ക്ലാസ് റൂം | കാസറഗോഡ് വികസനപാക്കേജിൽ 4 മുറികളുള്ള ക്ലാസ് റൂം കെട്ടിടം. | ഒരുവർഷം | കാസറഗോഡ് വികസനപാക്കേജ് അതോറിറ്റി, വാർഡ്മെമ്പർ പ്രധാനാധ്യാപകൻ പി.ടി.എ. |
| കളിസ്ഥലം | കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ കളിസ്ഥലം പാർക്ക് | ഒരുവർഷം | പഞ്ചായത്ത് വാർഡ്മെമ്പർ പ്രധാനാധ്യാപകൻ പി.ടി.എ. |

| | | | |
|---|---|---|---|
| ജൈവ ഉദ്യാനപാർക്ക് | ഉദ്യാന നിർമ്മാണ അറിവുകൾ സവിശേഷതകൾ, വൃക്ഷങ്ങൾ ഇവയെക്കുറിച്ചുള്ള പഠനം | ആഗസ്റ്റ് | പ്രധാനാധ്യാപകൻ എസ്.ആർ.ജി. പി.ടി.എ. |
| സ്കൂൾ പച്ചക്കറി-ത്തോട്ടം. | ഉച്ചഭക്ഷണ പരിപോഷണപദ്ധതിയിൽ വിഷരഹിതമായ ഭക്ഷണവിഭവങ്ങൾ കുട്ടികൾക്ക് നൽകാൻ | ആഗസ്റ്റ് | പ്രധാനാധ്യാപകൻ എസ്.ആർ.ജി. പി.ടി.എ. |

# ഉപസംഹാരം

സ്കൂളിന്റെ ഭൂപ്രകൃതിയും ഭൗതിക സാഹചര്യവും അക്കാദമിക മികവും, അടിസ്ഥാനമാക്കി ഒരു വർഷത്തേക്കുള്ള സമഗ്ര വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇത് സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മുഖ്യമായി നടപ്പിൽ വരുത്തുമെന്ന് ഉറപ്പുവരുത്തുന്നു. സൂക്ഷ്മമായ വിലയിരുത്തലും അത്യാവശ്യമാണ്. പി.ടി.എ, സ്കൂൾ വികസന സമിതി, പഞ്ചായത്ത്, എസ്.എസ്.എ തുടങ്ങിയ ഏജൻസികളുടെ പൂർണമായ സഹകരണത്തോടുകൂടി പാണ്ടൂർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന്റെ മികവുറ്റതായി തന്നെ മാറട്ടെ എന്ന് പ്രത്യാശിക്കുന്നു.